## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3558** — **24.06.2013 ൽ മറുപടിയ്ക്ക്**

### കൃഷിപാഠം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. വിറ്റി.ബൽറാം**<br>**ശ്രീ. പി.സി.വിഷ്ണുനാഥ്**<br>**ശ്രീ. ഷാഫി പറമ്പിൽ** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജനക്ഷേമ ബോർഡ് സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കൃഷിപാഠം പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) 'കാർഷിക സാക്ഷരത' എന്ന പദ്ധതിയാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലയിലാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) കാർഷിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അനൌപചാരികമായി വിദ്യാർത്ഥികളിൽ എത്തിക്കുകയും അവരെ നല്ല കാർഷിക പടയാളികളും, സന്നദ്ധ സേവകരുമായി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് കാർഷിക സാക്ഷരത. കൃഷി - ശാസ്ത്ര സാങ്കേതികത്വവും കൃഷി സാധ്യതയും പരമാവധി പ്രയോജനപ്പെടുത്തി പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (സി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൃഷി - വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രി -ഫ്രണ്ട്സ് - കൃഷി സാംസ്കാരിക വേദി എന്നിവയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം അറിയിക്കുമോ? | (ഡി) 25 ലക്ഷം രൂപയാണ് പദ്ധതി ചെലവ്. ഇതിലേയ്ക്കായി 5 ലക്ഷം രൂപ യുവജനക്ഷേമ ബോർഡിന്റെ വിഹിതമായി അനുവദിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ